ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി 25 സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നു. അടുത്ത ഘട്ടമായി ഓൺലൈൻ ആർ.ടി.ഐ. പൊതുജന പരാതി പരിഹാര സേവനങ്ങൾ, റവന്യൂ കോർട്ട് കേസ് എന്നീ സേവനങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണം, ട്രഷറി, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ നിരവധി സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാണ്.

(സി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് മുമ്പ് അടിസ്ഥാനസൗകര്യങ്ങളായ കമ്പ്യൂട്ടർ, നെറ്റ്വർക്ക് സംവിധാനം തുടങ്ങിയവ സജ്ജമാക്കുക, പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവൽക്കരിക്കുക, ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയവ പൂർത്തീകരിക്കേണ്ടതുണ്ട്.

വിവിധ ഇ-ഗവേണൻസ് കർമ്മ പദ്ധതികളുടെ നിർവ്വഹണത്തിനായി നടപടിക്രമങ്ങളും മാന്വവലുകളും ഉത്തരവുകളും മാറ്റം വരുത്തേണ്ടതുണ്ട്. ഉദാ:- ഇ-ഓഫീസിന്റെ നിർവ്വഹണത്തിനുവേണ്ടി സെക്രട്ടേറിയറ്റ് മാന്വവലിൽ മാറ്റം വരുത്തുന്നതിലേയ്ക്കായി പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൈസേഷൻ, നെറ്റ് വർക്ക് കണക്ടിവിറ്റി ലഭ്യമാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവ്വഹണ നിയന്ത്രണം നടത്തുന്നത്. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപെക്സ് കമ്മിറ്റിയും ഉണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളായ 'ഇ-ഹെൽത്ത്', സി.സി.ടി.എൻ.എസ് (Crime and Criminal Tracking Networking System), ഇ-പി.ഡി.എസ്. (Electronic Public Delivery System), വാഹന സാരഥി, തുടങ്ങിയവയുടെ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വിവരസാങ്കേതിക മേഖലയ്ക്കായി വകയിരുത്തിയ തുക

236 (621) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലക്കായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; പദ്ധതി വിഹിതത്തിന് പുറമേ പ്രഖ്യാപിച്ച തുക എത്ര;

(ബി) ആകെ പ്രഖ്യാപിച്ച തുകയിൽ എത്ര തുക ഇതിനകം ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചിതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവര സാങ്കേതിക മേഖലയ്ക്കായി 374.57 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പദ്ധതി വിഹിതത്തിന് പുറമെ 138 കോടി രൂപ വിവിധ പദ്ധതികൾക്കായി (സംരംഭകത്വ വികസനത്തിന് ഉൾപ്പെടെ) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു.

(ബി) ആകെ പ്രഖ്യാപിച്ച തുകയിൽ 225.84 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി സിസ്റ്റം

237 (622) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി സിസ്റ്റത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG) എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്ന പ്രോജക്ട് വികസിപ്പിച്ചിരിക്കുന്നത്. ഈ സംവിധാനത്തിലൂടെ കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും സാധാരണക്കാരന് അവരുടെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങൾ വഴി ലഭ്യമാകുകയും ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly